# വൈദ്യഭൂഷണം
# രാഘവൻ തിരുമുല്പാട്

**പി.കെ. വാരിയർ**

എന്നേക്കാൾ ഒരു വയസ്സ് പ്രായം കൂടും ശ്രീ. തിരുമുല്പാടിന്, ആ നിലയ്ക്ക് അദ്ദേഹം എനിക്ക് ജ്യേഷ്ഠനാണ്. എന്നാൽ, ഞങ്ങൾ തമ്മിലുള്ള ബന്ധം ഉറ്റ സുഹൃത്തുക്കളുടേതായിരുന്നു. ഏറെക്കാലത്തെ പഴക്കമുണ്ട് ആ ബന്ധത്തിന്. ആര്യവൈദ്യശാലയിൽ സെമിനാർ ആരംഭിച്ച കാലം മുതൽ എല്ലാ വർഷവും പ്രബന്ധം അവതരിപ്പിക്കാൻ അദ്ദേഹം ഉണ്ടാകുമായിരുന്നു. സമ്മാനവും അദ്ദേഹത്തിന് തന്നെയാകും, മിക്കവാറും ഒന്നാം സമ്മാനം, ചില വർഷങ്ങളിൽ രണ്ടാം സമ്മാനം. തുടർച്ചയായി 13 വർഷം സമ്മാനം നേടിക്കഴിഞ്ഞപ്പോൾ മറ്റുള്ളവർക്കുകൂടി അവസരം നൽകണമെന്ന ചിന്തയിൽ മത്സരത്തിൽ നിന്ന് അദ്ദേഹം പിന്മാറി, എങ്കിലും സെമിനാറിൽ മുടക്കം കൂടാതെ പങ്കെടുക്കുമായിരുന്നു. ഈ പ്രവർത്തനങ്ങളാണ് ആയുർവേദപഠനത്തിനുള്ള തന്റെ തൃഷ്ണയെ ഉദ്ദീപിപ്പിച്ചതെന്ന് അദ്ദേഹം എന്നും പറയാറുണ്ട്.

സമ്മാനവിതരണമൊക്കെ കഴിഞ്ഞതിനുശേഷം അദ്ദേഹം രഹസ്യമായിട്ടെനിക്കെഴുതും, പരീക്ഷകർ പ്രബന്ധത്തെപ്പറ്റി രേഖപ്പെടുത്തിയ അഭിപ്രായങ്ങളെന്തെന്ന് അറിയാൻ. അത്രയധികം ജിജ്ഞാസു വായിരുന്നു അദ്ദേഹം. ഞാൻ അറിയിക്കാറുണ്ട്, പരസ്പരം ആശയവിനിമയം നടത്താറുമുണ്ട്.

ആയുർവേദവുമായി ബന്ധപ്പെട്ട പല വിഷയങ്ങളും ഞങ്ങൾ ചർച്ച ചെയ്യാറുണ്ട്. പല കാര്യങ്ങളിലും ഞങ്ങളുടെ അഭിപ്രായങ്ങൾ സമാനമാണ്. ആദർശാത്മകമായ ജീവിതം നയിച്ച് അനേകം ശിഷ്യന്മാരെ ആയുർവേദത്തിന് സംഭാവന ചെയ്ത് ധന്യനായിട്ടാണ് അദ്ദേഹം നമ്മെ വേർപിരിഞ്ഞത്. അദ്ദേഹത്തിന്റെ പുത്രൻ ഡോ. കെ. മുരളി പിതാവിന്റെ കാല്പാടുകൾ പിന്തുടർന്നു വൈദ്യപാരമ്പര്യം നിലനിർത്തിക്കൊണ്ടിരിക്കുന്നു.

തിരുമുല്പാടിന്റെ ഓർമ്മകൾക്ക് മുൻപിൽ പ്രണമിക്കുന്നു.